സാനിട്ടറി ആയിട്ടില്ല, ഇതിനൊക്കെ അധീതമായി രോഗികൾ എങ്ങനെ ഈ 7 നിലയുടെ മുകളിൽ കയറും? ലിഫ്റ്റിന്റെ പണിപോലും ആയിട്ടില്ല, ആകെ രണ്ട് ലിഫ്റ്റാണ് അറേഞ്ച് ചെയ്തിരിക്കുന്നത്. അതുതന്നെ അബദ്ധമാണ്. ഒരു .4 ലിഫ്റ്റ് എങ്കിലും അറേഞ്ച് ചെയ്യേണ്ടതായിരുന്നു. അതിന്റെ എസ്റ്റിമേറ്റിൽ രണ്ട് ലിഫ്റ്റ് മാത്രമാണുള്ളത്. അതിന്റെ പണി ആരംഭിച്ചിട്ടില്ല. അങ്ങനെ മൊത്തമായി കെട്ടിടത്തിന്റെ പണി മുടങ്ങിക്കിടക്കുന്ന ഒരു സാഹചര്യമാണ് ഇപ്പോൾ നിലവിലുള്ളത്. വളരെയേറെ ദുരിതം ഉണ്ടാകുന്നു എന്റെ താലൂക്കിലെ ജനങ്ങൾക്ക്. ആതുരസേവന രംഗത്ത് വളരെ അത്യാവശ്യമായ ഈ ആശുപത്രി കെട്ടിടത്തിന്റെ പണി എത്രയും വേഗത്തിൽ തീർക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): സർ, ആ മേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു ആശുപത്രിയാണ്. 1993-ൽ പണികൾ തുടങ്ങിയതാണ്. ഒച്ച് ഇഴയുന്ന വേഗത്തിലാണ് പണികൾ നീങ്ങിയത്. 1998-ലെ ബഡ്ജറ്റിൽ 14 ലക്ഷം രൂപ വകകൊള്ളിച്ചിരുന്നു. ഇനി ഒരു രണ്ടു കോടി രൂപ കൂടി ചെലവാക്കിയാൽ മാത്രമേ പണികൾ തീരുകയുള്ളൂ. വളരെ പ്രധാനപ്പെട്ട ഒരു ആശുപത്രി എന്നുള്ള നിലയിൽ ഇതിന് മുൻഗണന കൊടുത്ത് പണി തീർക്കാൻ ശ്രമിക്കുന്നതാണ്.

(9) പ്രൈവറ്റ് സ്കോളർഷിപ്പ് എക്സാമിനേഷൻ എന്ന പേരിൽ ചില സ്വകാര്യ ഏജൻസികൾ നടത്തിവരുന്ന പരീക്ഷ.

ശ്രീ. മാമ്മൻ മത്തായി : സർ, സംസ്ഥാനത്തെ സി. ബി.എസ്.ഇ., ഐ.സി.എസ്.ഇ., എസ്.എസ്.ഇ. (അൺ എയ്ഡഡ്) എന്നീ സ്കൂളുകളിലെ എൽ.കെ.ജി മുതൽ 8-ാം സ്റ്റാന്റേർഡ് വരെയുള്ള ക്ലാസുകൾക്ക് ചില സ്വകാര്യ ഏജൻസികൾ Progressive Curriculum Management, Holy Faith Talent Search Examination എന്നീ പേരുകളിൽ സ്കോളർഷിപ്പ് പരീക്ഷകൾ നടത്തിവരുന്നുണ്ട്. എൻ.സി.ഇ.ആർ.ടി. നടത്തുന്ന സ്കോളർഷിപ്പ് പരീക്ഷ പോലെ പ്രാധാന്യമുള്ളതാണെന്ന് രക്ഷിതാക്കളെ തെറ്റിദ്ധരിപ്പിച്ചാണ് ഈ പരീക്ഷകൾ നടത്തിവരുന്നത്. ഇത്തരം പരീക്ഷകൾക്ക് സെൻട്രൽ ഗവൺമെന്റിന്റെയോ സ്റ്റേറ്റ് ഗവൺമെന്റിന്റെയോ ഏതെങ്കിലും ആട്ടോണമസ് ബോഡിയുടെയോ അംഗീകാരമില്ല. രജിസ്ട്രേഷൻ ഫീ എന്ന പേരിൽ ആൾ ഒന്നിന് 20 രൂപ വീതം പിരിച്ചാണ് പരീക്ഷ നടത്തുന്നത്. ലക്ഷക്കണക്കിന് കുട്ടികളാണ് ഓരോ വർഷവും ഇപ്രകാരം ചൂഷണം ചെയ്യപ്പെടുന്നത്. മാത്രമല്ല പരീക്ഷയുടെ പ്രിപ്പറേഷനായി എൽ.കെ.ജി. മുതൽ 8-ാം ക്ലാസുവരെയുള്ള ഗൈഡുകൾ അച്ചടിച്ചു ഇവർതന്നെ പ്രസിദ്ധപ്പെടുത്തുന്നുണ്ട്. ന്യൂസ് പ്രിന്റിന് കേവലം 3 രൂപ മാത്രം വിലവരുന്ന ഇവയ്ക്ക് 13 രൂപ മുതൽ 25 രൂപ വരെയാണ് വാങ്ങുന്നത്. ഡി.പി.ഇ.പി. പാഠ്യപദ്ധതി പ്രകാരം ആയാസരഹിതമായ വിദ്യാഭ്യാസ സമ്പ്രദായത്തിന് നേതൃത്വം കൊടുക്കുന്ന ഈ ഗവൺമെന്റ് ഇത്തരം പരീക്ഷകൾക്ക് കൂട്ടുനിൽക്കുന്നത് ആശാസ്യമല്ല. മാത്രമല്ല സ്വകാര്യ ഏജൻസി നൽകുന്ന സർട്ടിഫിക്കറ്റിലും Controller of Examination എന്ന designation കാണിച്ച് അപ്രൂവ്ഡ് സർട്ടിഫിക്കറ്റാണെന്ന് കാണിക്കാൻ ശ്രമം നടത്തിവരുന്നു. ഈ കാര്യത്തിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും നടപടിയുണ്ടാകണം. ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയ്ക്ക് എൽ.കെ.ജി., യു.കെ.ജി. ക്ലാസുകളിലേയ്ക്കുള്ള ഗൈഡുകൾ എന്റെ കൈവശമുണ്ട്. (ഗൈഡുകൾ സഭയിൽ ഉയർത്തിക്കാണിച്ചു.) ഓരോ ഗൈഡിനും 25 രൂപ വരെ വിലയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അതായത് ആദ്യകാലശിശു വിദ്യാഭ്യാസത്തിന്റെ പേരിൽ ബിൽ കൊണ്ടുവന്നു. കുട്ടികൾക്ക് ആയാസരഹിതമായ പഠനം വേണമെന്ന് പറഞ്ഞു. ആ സാഹചര്യത്തിൽ ഇതുപോലെയുള്ള സ്വകാര്യ ഏജൻസികളുടെ പരീക്ഷകളെ പ്രോൽസാഹിപ്പിക്കുന്നത് ശരിയല്ല. അടിയന്തിരമായി ഇത് നിറുത്തുന്നതിനും അവരുടെ പ്രവർത്തനങ്ങളെപ്പറ്റി അന്വേഷണം നടത്തുന്നതിനും ആവശ്യമെങ്കിൽ ഇവർക്കെതിരെ കേസ്സ് എടുക്കാനും വേണ്ട നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, സംസ്ഥാന സർക്കാരിന്റെ അനുവാദവും അംഗീകാരവും ഇല്ലാതെയാണ് ഏജൻസികൾ ഇത്തരം സ്ക്രീനിംഗ് പരീക്ഷകൾ നടത്തുന്നത്. ഇത്തരം സ്കൂളുകളെ സംബന്ധിച്ച് നമുക്ക് ഇതിനു കൺട്രോൾ ഇല്ല. എന്തായാലും പ്രീ-പ്രൈമറി തലത്തിലുള്ള കാര്യത്തിനു തീർച്ചയായും നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിനു നിയമം പാസ്സാക്കിയാൽ ഉടൻതന്നെ അതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. അനധികൃതമായി ഇതുപോലെ നടക്കുന്ന വിദ്യാലയങ്ങളെ സംബന്ധിച്ച് കൂടുതൽകൂടി കർശനമായ നിലപാട് സ്വീകരിക്കണം എന്നുള്ള തീരുമാനമാണുള്ളത്.

(10) വന്യമൃഗങ്ങളുടെ ആക്രമണത്തിൽനിന്നും കൃഷിയെ രക്ഷിക്കാൻ നടപടി

ശ്രീ. രാജു എബ്രഹാം : സർ, വനഭൂമികളുടെ സമീപത്തു താമസിക്കുന്ന കേരളത്തിലെ കൃഷിയിടങ്ങളിലേയും മനുഷ്യരുടേയും സ്ഥിതി പരിതാപകരമാണ്. കാട്ടാന, കാട്ടുപന്നി എന്നീ വന്യമൃഗങ്ങളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നു. ഇവ നാട്ടിൽ ഇറങ്ങി വ്യാപകമായി ആക്രമണങ്ങൾ നടത്തിവരികയാണ്. എന്റെ മണ്ഡലത്തിൽമാത്രം ഇരുപതിനായിരത്തോളം ഏക്കറിലെ കൃഷി നിർത്തിവച്ചിരിക്കുകയാണ്. കഴിഞ്ഞ ഒരു വർഷത്തിനിടയിൽ നൂറിലധികം മനുഷ്യർക്ക് ആക്രമണത്തിൽ പരിക്കേറ്റു. കേരളത്തിലാകെ ഉദ്ദേശ്യം രണ്ടുലക്ഷം ഏക്കറിലധികം ഭൂമിയിലെ കൃഷികൾ ഇതുമൂലം നിർത്തിവച്ചിരിക്കുകയാണ്. നല്ല നിലയിൽ പ്രവർത്തിക്കുന്ന വനം വകുപ്പിന് പതിനായിരക്കണക്കിന് കൃഷിക്കാരുടെ ശാപം ഏൽക്കാതെ നോക്കേണ്ടത് സർക്കാരിന്റെ ചുമതലയാണ്. ഈ സഭയിൽ ഈ വിഷയം ഉന്നയിച്ചതിനെത്തുടർന്ന് വനം വകുപ്പ് ഉദ്യോഗസ്ഥർ പങ്കെടുത്ത് തെളിവെടുപ്പ് നടത്തി. ചെറിയ വോൾട്ടേജിൽ പ്രവഹിപ്പിക്കുന്ന വൈദ്യുതി കമ്പി അതിർത്തികളിൽ സ്ഥാപിക്കാൻ ധാരണയായി. കേന്ദ്രത്തിൽനിന്നും 548 ലക്ഷത്തിലധികം രൂപ കഴിഞ്ഞ വർഷം ലഭിച്ചിട്ടും ഇതിനൊരുപൈസ പോലും മാറ്റിവച്ചിട്ടില്ല. ഇനിയെങ്കിലും ഇത് സ്ഥാപിക്കാൻ അടിയന്തിരമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ): സർ, മലയോര പ്രദേശങ്ങളിൽ വനത്തിനോട് ചേർന്നു കിടക്കുന്ന കൃഷിയിടങ്ങളിൽ കാട്ടുപന്നികളും കാട്ടാനകളും കൃഷി നശിപ്പിക്കുന്നതായ നിരവധി പരാതികൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൃഷിനാശവും ആൾനാശവും വരുത്തുന്ന ഈ വന്യജീവികളെ കൃഷിയിടങ്ങളിലേയ്ക്ക് കടക്കാൻ അനുവദിക്കാതെ കാട്ടിൽ തന്നെ തടഞ്ഞുനിർത്തുക എന്നതാണ് ഈ നഷ്ടം ഒഴിവാക്കാനുള്ള ഏക പോംവഴി. വന്യജീവികളെ, പ്രത്യേകിച്ച് കാട്ടാ

LIBRARY ARCHIVES Kerala Legislative Assembly